സംഗീതക്കാരേ നൃത്തം ചെയ്യുന്നോരേ

സ്തുതിച്ചു പാടുവിൻ

എൻറെ ഉറവുകളൊക്കെയും നിന്നിലാകുന്നുവെന്ന്

കർത്താവിൻസന്നിധിയിൽപറഞ്ഞിടുവീ ൻ (2) സംഗീതക്കാരേ......

ലഭിച്ചതല്ലാതെ എന്തുണ്ട് നമുക്ക്

ദാനമല്ലാതെ എന്തുണ്ട്

പ്രശംസിക്കാനും പുകഴ്ത്തിടുവാനും

യേശുവിൻ നാമമല്ലാതെന്തുണ്ട്. (2) സംഗീതക്കാരേ......

കരുതലല്ലാതെ എന്തുണ്ട് നമുക്ക്

കരുണയല്ലാതെ എന്തുണ്ട്

കണ്മണിപോലെ നമ്മെ കാത്തിടുന്ന

കർത്തൻറെ സ്നേഹമല്ലാതെന്തുണ്ട്. (2) സംഗീതക്കാരേ......

സന്നിധിയല്ലാതെ എന്തുണ്ട് നമുക്ക്

സന്തോഷമേകാൻ എന്തുണ്ട്

ആശ്വസിക്കാനും ആശ്രയിച്ചിടാനും

തൃപാദപീഠ മല്ലാതെന്തുണ്ട്. (2) സംഗീതക്കാരേ......

വചനമാല്ലാതെ എന്തുണ്ട് നമുക്ക്

ജീവൻ പകരാൻഎന്തുണ്ട്

നിത്യതയോളം വഴികാട്ടിടുവാൻ

പരിശുദ്ധാത്മാവല്ലാതാരുണ്ട്. (2) സംഗീതക്കാരേ......